# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3495

15/07/2015-ൽ മറുപടിക്ക്

## ടെയിലറിംഗ് ഇൻസ്ട്രക്ടർ ശ്രീമതി ബി.ആർ ലതികയെ സ്ഥിരപ്പെടുത്തുന്നത്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. എ. വാഹിദ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ 1-1-94 മുതൽ 20 വർഷമായി ടെയിലറിംഗ് ഇൻസ്ട്രക്ടർ ആയി ജോലി ചെയ്യുന്ന ശ്രീമതി ബി.ആർ ലതികയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ടിയാൾ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രം ആശുപത്രി വികസന സമിതിയുടെ കീഴിൽ താൽക്കാലികാടിസ്ഥാനത്തിൽ ടെയിലറിംഗ് ഇൻസ്ട്രക്ടർ ആയി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി ബി.ആർ.ലതികയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ടിയാൾ സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| ബി) ഈ സ്ഥാപനത്തിൽ 2014-ൽ എത്ര പേരെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട് ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | ബി) ഈ സ്ഥാപനത്തിൽ പത്തു വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിലും, തുടർന്ന് കരാർ അടിസ്ഥാനത്തിലും ജോലി ചെയ്തു വന്നിരുന്ന 125 ജീവനക്കാരെ 01/11/2014 -ലെ സ.ഉ. (എം.എസ്) നം. 325/2014/ആകുവ നമ്പർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) ഈ ഉത്തരവിന്റെ ആനുകൂല്യം ശ്രീമതി ബി.ആർ. ലതികയ്ക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്